# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5303** 15.11.2019 -ലെ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.ടി.ബൽറാം | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| എ) | യൂണിവേഴ്സിറ്റി കോളേജിലെ ബി.എസ്.സി. കെമിസ്ട്രി വിദ്യാർത്ഥിയായിരുന്ന ആർ.ശിവരഞ്ജിത്തിന്റെ വീട്ടിൽ നിന്നും യൂണിവേഴ്സിറ്റി പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏത് വർഷത്തേതെന്നും യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ എഴുതാൻ വിതരണം ചെയ്ത പേപ്പർ ആണോ കണ്ടെത്തിയതെന്നും വെളിപ്പെടുത്താമോ; | (ബി) | 23.07.2015, 05.11.2015, 01.04.2016, 19.05.2018 ദിവസങ്ങളിൽ യൂണിവേഴ്സിറ്റി കോളേജ് അധികൃതർ കൈപ്പറ്റിയ ഉത്തരക്കടലാസുകളാണ് കണ്ടെത്തിയത്. |
| (സി) | 2014-ലും 2015-ലും ബി.എസ്.സി. കെമിസ്ട്രി സെമസ്റ്റർ പരീക്ഷകളിൽ ദയനീയമായി പരാജയപ്പെട്ട പ്രസ്തുത വിദ്യാർത്ഥിക്ക് 2016 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ പരീക്ഷയിൽ ഉന്നത മാർക്ക് ലഭിച്ചുവെന്നത് ശരിയാണോ; | (സി) | പ്രസ്തുത വിദ്യാർത്ഥി ആറാം സെമസ്റ്റർ പരീക്ഷയിൽ എല്ലാ പേപ്പറുകളും വിജയിച്ചിട്ടുണ്ട്. |
| (ഡി) | എഴുതാത്ത ഉത്തരക്കടലാസ്സുകൾ വീട്ടിൽ നിന്നും ലഭിച്ച സാഹചര്യത്തിൽ ഈ വിദ്യാർത്ഥി 2014 മുതൽ എഴുതിയ പരീക്ഷകളുടെ ഉത്തരക്കടലാസ്സുകളിലെ കൈയക്ഷരം വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ കേരള സർവ്വകലാശാല അത്തരത്തിലൊരു തീരുമാനം എടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ.